**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3160** **25-10-2021 - ൽ മറുപടിയ്ക്ക്**

**സ്കൂൾ തുറക്കുന്നതിനുള്ള ക്രമീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിദ്യാലയങ്ങളിൽ നേരിട്ടുള്ള വിദ്യാഭ്യാസം ഘട്ടംഘട്ടമായി പുനഃസ്ഥാപിക്കാൻ വേണ്ട ഭൗതിക സാഹചര്യം സൃഷ്ടിക്കാൻ നടപടി സ്വീകരിച്ചിട്ടുള്ളതിനോടൊപ്പം കോവിഡാനന്തര അധ്യയന പ്രവർത്തനത്തിനു വേണ്ട രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; | (എ) | നവംബർ ഒന്ന് മുതൽ സ്കൂൾ തുറന്നു പ്രവർത്തനം ആരംഭിക്കുമ്പോൾ കുട്ടികളുടെ പഠനം എങ്ങനെയായിരിക്കണം എന്നത് സംബന്ധിച്ച മാർഗ്ഗരേഖ എസ്.സി.ഇ.ആർ.ടി.യുടെ നേതൃത്വത്തിൽ തയ്യാറാക്കി വരുന്നുണ്ട്. ഇതിൽ കുട്ടികളെ ക്ലാസ്സ്റൂം പഠനത്തിലേക്ക് തിരിച്ചുകൊണ്ടുവരുന്നതിനും പഠനനഷ്ടം കണ്ടെത്തി പരിഹരിക്കുന്നതിനും ആവശ്യമായ നിർദേശങ്ങൾ ഉണ്ടാകും. ഓൺലൈൻ ഓഫ് ലൈൻ മോഡുകളെ സമന്വയിപ്പിച്ച് പഠനം നടത്തുന്നതിന് പാഠ ഭാഗങ്ങളെ സമീപിക്കേണ്ട രീതിയും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രവർത്തനാധിഷ്ഠിത അറിവ് നിർമ്മാണ പ്രക്രിയ ഏറെക്കാലമായി തടസ്സപ്പെട്ടത് സൃഷ്ടിച്ച വിടവ് നികത്തുന്ന രീതിയിൽ അദ്ധ്യാപന പ്രക്രിയ ആസൂത്രണം ചെയ്തിട്ടുണ്ടോ; | (ബി) | ലഭ്യമാകുന്ന ഓഫ് ലൈൻ ക്ലാസുകളെ നേരനുഭവങ്ങൾക്കും പ്രായോഗിക പ്രവർത്തനങ്ങൾക്കും ഉപയോഗപ്പെടുത്താനാവശ്യമായ അക്കാദമിക ആസൂത്രണമാണ് നിർദേശിച്ചിരിക്കുന്നത്. ക്ലാസ് അവതരണത്തിനും അസൈൻമെൻറുകൾ നൽകുന്നതിനും, ഫീഡ്ബാക്ക് നൽകുന്നതിനും, പൊതുവായ ചർച്ചകൾ നയിക്കുന്നതിനും സാദ്ധ്യമാം വിധം വീഡിയോ ക്ലാസുകളും ഓഫ് ലൈൻ പ്ലാറ്റ് ഫോമുകളും ഉപയോഗപ്പെടുത്തിയാൽ ഇതിൻെറ തുടർച്ചയായി വരുന്ന നേരനുഭവങ്ങൾക്കും പ്രായോഗിക പ്രവർത്തനങ്ങൾക്കും (പ്രാക്ടിക്കൽ) ക്ലാസ് മുറിയെ ഉപയോഗപ്പെടുത്താനാകും. ഇത്തരത്തിലൊരു സമീപനമാണ് സ്വീകരിക്കുന്നത്. |
| (സി) | വിദ്യാർത്ഥികൾ നേരിടാനിടയുള്ള പഠന പ്രശ്നങ്ങളോടൊപ്പം തന്നെ സാമൂഹ്യ, മാനസിക പ്രശ്നങ്ങൾ കൂടി പരിഹരിക്കാൻ വേണ്ട ഇടപെടൽ ഉറപ്പാക്കാൻ നടപടിയെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | കൗൺസിലിങ്ങുമായി ബന്ധപ്പെട്ട് പ്രത്യേക മൊഡ്യൂൾ സമഗ്രശിക്ഷയുടെ നേതൃത്വത്തിൽ തയ്യാറാക്കി വരുന്നു. ഇത് സ്കൂൾ തുറക്കുന്നതിനു മുമ്പായി പരിശീലനത്തിലൂടെ അദ്ധ്യാപകരെ പരിചയപ്പെടുത്തുകയും അതിനനുസരിച്ച് കുട്ടികളുടെ |

| | | | |
|---|---|---|---|
| | | | ഇത്തരം സാമൂഹിക മാനസിക പ്രശ്നങ്ങളെ സമീപിക്കാൻ അദ്ധ്യാപകരെ പ്രാപ്തരാക്കുകയുമാണ് ചെയ്യുന്നത്. കുട്ടികൾക്ക് അതിജീവനം എന്ന പേരിൽ മാനസിക ആരോഗ്യ വിദ്യാഭ്യാ സത്തിൻെറ ഭാഗമായി കൗൺസലിംഗ് പ്രോഗ്രാമുകൾ സമഗ്രശിക്ഷാ കേരളത്തിൻെറ നേതൃത്വത്തിൽ യൂണിസെഫിൻെറ സഹായ ത്തോടെ നടപ്പിലാക്കുന്നു. |

സെക്ഷൻ ഓഫീസർ